മധുര ഗീതങ്ങളുടെ തോഴൻ



ഒരായുഷ്കാലം മുഴുവൻ സാഹിതീ രംഗത്ത് പ്രശോഭിച്ചു നിൽക്കുകയും, പത്രപ്രവർത്തന രംഗത്തും മാപ്പിളകാവ്യരചനാ രംഗത്തും തന്റേതായ കയ്യൊപ്പ് ചാർത്തി നിശബ്ദനായി നടന്നകലുകയും ചെയ്ത വ്യക്തിയാണ് എം.എ കൽപ്പറ്റ എന്ന തൂലികയിലൂടെ അറിയപ്പെട്ട പി.എം.എ തങ്ങൾ (പൂളക്കുൽ മുഹമ്മദ് ആറ്റക്കോയ തങ്ങൾ). ഒരു കാലത്ത് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളോടൊപ്പം മലബാറിന്റെ ഗ്രാമാന്തരങ്ങൾ സഞ്ചരിച്ച് മുസ്ലിം ലീഗ് സ്റ്റേജുകളിലെ നിറസാന്നിധ്യമായും പ്രാസംഗികനായും തങ്ങൾ നിറഞ്ഞുനിന്നിരുന്നു. തൂലികാനാമം എം.എ കൽപറ്റ

എന്നാണെങ്കിലും ജന്മം കൊണ്ട് അദ്ദേഹം കുറ്റ്യാടിക്കാരനാണ്. വളർന്നതും വിദ്യാഭ്യാസം നേടിയതുമെല്ലാം കുറ്റ്യാടിയിൽ.

1955 കാലത്താണ് എഴുത്ത് രംഗത്തേക്ക് തങ്ങൾ പ്രവേശിക്കുന്നത്. അക്കാലത്ത് തന്നെ അദ്ദേഹം 'യുവാവ്' എന്ന പേരിൽ ഒരു മാസിക ആരംഭിച്ചിരുന്നു. നിർഭാഗ്യവശാൽ മൂന്നു ലക്കത്തോടെ നിർത്തേണ്ടി വന്നു. സാഹിതീ രംഗത്ത് കവിതകളും, വിവിധ വിഷയങ്ങളെ പുരസ്കരിച്ചുള്ള ലേഖനങ്ങളും പി.എം.എ തങ്ങൾ എഴുതാറുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിലെ മാപ്പിള കവിയെയാണ് ശ്രദ്ധേയനാക്കിയത്. ഇരുന്നയിരുപ്പിൽ ഒരു മാപ്പിളപ്പാട്ട് എഴുതി തീർക്കാൻ അദ്ദേഹത്തിന് അനായാസം സാധ്യമായിരുന്നു. വ്യതിരിക്തമാർന്ന വിഷയങ്ങളെ പുരസ്കരിച്ച് 'കെസ്സ്' ഇശലിൽ തങ്ങളെഴുതുന്ന മാപ്പിളപ്പാട്ടുകൾ ഭാഷാചാതുരി കൊണ്ടും, കവന സിദ്ധിയാലും വേറിട്ടു നിൽക്കുന്നു. പ്രകൃതിയുടെ കളിത്തൊട്ടിലായ വയനാടൻ മലനിരകളുടെയും കോടമഞ്ഞിന്റെയും വശ്യമനോഹാരിത മാപ്പിളപ്പാട്ടിലേക്ക് ആവാഹിച്ചെടുക്കാൻ പി.എം.എ തങ്ങൾക്ക് കഴിഞ്ഞു. 1980 ൽ വയനാട് ജില്ലാ രൂപീകരണ സമയത്ത് അദ്ദേഹമെഴുതിയ ഈ ഗാനം അതു തെളിയിക്കുന്നു:

ഇശൽ: കെസ്സ്

നീലപ്പട്ട് ലിബാസും തൂമഞ്ഞിന്റെ തട്ടവുമാടി
ചന്ദനഗന്ധമുയർത്ത്ണ നാടെ, കോമളേ
നിന്റെ നസീബ് കുറിക്കുമിവേളയിലെങ്കൾ
വയനാടെ
ഖൽബ് തുടിപ്പാൽ മംഗളം നേരുന്നോമലേ..
മാമലനാടീ മലബാറിൽ മരതകമായി വളർന്നോളെ
മഞ്ഞുള മാറിൽ മല്ലിക പൂത്ത് മദാലസയായി മദിച്ചോളെ

മഞ്ഞ് കണങ്ങളിലെന്നും മാദക മേനിനനച്ചുഴിയുന്നോളെ
മധുവൂറുന്ന മടിത്തട്ടിൽ പുതുകനിയേന്തിരമിച്ചോളെ
നിന്റെ വിഹായസ്സാശയൊരുക്കുന്നൂ
മുഹബ്ബത്താൽ
നിൻ സവിധത്തിൽ ഹർശമൊഴുക്കുന്നൂ
മധുരത്തേൻ
മന്ദഹാസം ചൊരിഞ്ഞോളെ
മൗനമട്ടിലിരുന്നോളെ
ശാന്തകുമാരീ...
തൂ മധുമാരീ... (നീലപ്പട്ട്)

പ്രകൃതിയെ വർണിച്ച് മാപ്പിളപ്പാട്ടെഴുതിയവർ എം.എ കൽപറ്റയെ പോലെ മറ്റൊരാളെ കാണാൻ പ്രയാസമാണ്. അതുകൊണ്ടാണ് ഭാഷാ നിരൂപകനായ എം.എൻ കാരശ്ശേരി അദ്ദേഹത്തെ 'മാപ്പിളപ്പാട്ടിലെ പ്രകൃതി ഗായകൻ' എന്ന് വിശേഷിപ്പിച്ചത്. 1970 കൾ മുതലുള്ള ചന്ദ്രിക വാരാന്ത്യപ്പതിപ്പുകളിൽ നിരന്തരം മാപ്പിളപ്പാട്ടുകളും, കവിതകളും എഴുതി തങ്ങൾ നിറഞ്ഞുനിന്നു. ഗാനരംഗത്ത അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഒരുദ്യമം, പ്രസിദ്ധ പ്രവാചക കീർത്തന കാവ്യമായ 'മൻഖൂസ് മൗലിദ്' അർഥത്തെ സംഗ്രഹിച്ച് മാപ്പിളപ്പാട്ടായി അവതരിപ്പിച്ചതാണ്. ഇത് 1980 കളിൽ ചന്ദ്രിക വാരാന്ത്യ പ്പതിപ്പിൽ ഖണ്ഡശ്ശഃപ്രസിദ്ധീകരിച്ചു. അക്കാലത്ത് 'എം.എ കൽപറ്റ' എന്ന തൂലികയിലെഴുതുന്ന പി.എം.എ തങ്ങളുടെ ഗാനങ്ങൾ കാണാനിടയായ വൈക്കം മുഹമ്മദ് ബഷീർ, ഏറെ പ്രശംസിച്ചു കൊണ്ട് 'വയനാടെ മംഗളം' എന്ന ശീർഷകത്തിൽ അദ്ദേഹത്തിന് കത്തെഴുതുകയുണ്ടായി. എം.എ കൽപറ്റ എന്ന തൂലികാനാമം കൂടാതെ 'മുശൈഖ്', 'ഖലമുസ്സമാൻ' തുടങ്ങിയ പേരുകളിലും തങ്ങൾ എഴുതാറുണ്ടായിരുന്നു. ഒരുപക്ഷേ അച്ചടിമലയാളത്തിൽ ഇത്രയേറെ തനത് ശൈലിയിൽ മാപ്പിളപ്പാട്ടുകൾ എഴുതിയ

മറ്റൊരു വ്യക്തി; പി.എം.എ തങ്ങൾക്ക് പകരം ചൂണ്ടിക്കാണിക്കാൻ പ്രയാസമാണ്. ഒരുകാലത്ത് ചന്ദ്രിക വാരാന്തപ്പതിപ്പിൽ തനിമയാർന്ന മാപ്പിളപ്പാട്ടുകളെഴുതി നിറഞ്ഞു നിന്നിരുന്നു തങ്ങൾ. ജ്ഞാന മധു മനുഷ്യന് പകർന്നു നൽകുന്ന സൃഷ്ടാവിനെ വാഴ്ത്തിക്കൊണ്ട് തുടങ്ങുന്ന അദ്ദേഹത്തിന്റെ ഒരു അപ്രകാശിത ഗാനമിതാ:

ഇശൽ: ബിസ്മിയും ഹംദും (നഫീസത്ത് മാല)

അറിവ് തന്നവനും തരുന്നവനും
ഇലാഹെ നീ താൻ
അറിവിനാലെൻ അകതലത്തിൽ
ഒളിവ് തന്നോൻ നീ താൻ
സത്യവും സാംഗത്യവും നിൻ
ദൂതരാൽ തന്നേകി
സാക്ഷ്യവും വിവക്ഷയും
സലക്ഷ്യമായി പൂകി

ആദിയിൽ ആലങ്ങളെല്ലാം
നീ അമൈത്തു പിന്നെ
ആദമിന്റെ സന്തതിക്കീ
ഭൂ വിരിച്ചു തന്നെ

സ്വൽപം ദീർഘിച്ച ഈ ഗാനത്തിലെ വേറെ രണ്ടു വരികൾ ശ്രദ്ധിക്കുക,

എന്റെ ഏകാന്തതയിലറിവെൻ
കൂട്ടുകാരനാണ്
ഇരുള് മുറ്റും വഴികളിൽ ലങ്കും
പ്രകാശമാണ്
എന്റെ സമ്പത്താണിത്

കൊള്ളക്കതീതമാണ്
എത്രമേൽ ചെലവിട്ടുവോ
മുതലേറ്റിടും ധനമാണ്
പേന തന്നവനേ ഇലാഹെ
അത്യുദാരൻ നീ താൻ
പേന തൻമുനയാലെ
ഭൂഗോളം കറക്കൂമീഞ്ഞാൻ

ടി.ഉബൈദ്, ഒ. ആബു, വിദ്വാൻ ടി.സി മമ്മി തുടങ്ങിയവരുടെ കാവ്യശൈലി പോലെ ഒഴുക്കോടെ അനായാസം പാട്ടെഴുതാൻ സാധിച്ച പ്രതിഭാശാലിയായിരുന്നു എം.എ കൽപറ്റ. മാപ്പിളപ്പാട്ടിനെ സാമൂഹിക തിന്മകൾക്കെതിരിലുള്ള വജ്രായുധമാക്കി അദ്ദേഹം പാട്ടുകൾ തീർത്തു. സ്ത്രീധനത്തിനെതിരിൽ 'മുഹാജിറെണ്ട വാക്കു കേട്ട്' എന്ന ഇശലിലെഴുതിയ 'ധന്യ ധർമ്മ മതികളെ അധീതമാനസങ്ങളെ, അധർമ്മ സ്ത്രീധനം വെടിഞ്ഞിടൂ യുവാക്കളെ...' എന്ന ഗാനം നമ്മുടെ സമൂഹിക ദുരാചാരബോധത്തെ ഉണർത്തുന്നു.

പ്രസിദ്ധ മാപ്പിളകവിയായിരുന്ന പുലിക്കോട്ടിൽ ഹൈദറിനെ കുറിച്ച് 'കെസ്സ്' ഇശലിൽ തങ്ങളെഴുതിയ 'മാപ്പിളമക്കൾക്കെന്നും പൂന്തേനാറൊഴുക്കിതന്നൊരു പുന്നാരക്കനി ഹൈദറർ കാക്ക പോയല്ലോ...' എന്ന ഗാനം പ്രശസ്ത ഗായിക സുജാത ഒരു കാസറ്റിൽ ആലപിച്ചിട്ടുണ്ട്.

1928 ൽ കുറ്റ്യാടിയിലെ മീത്തലെ കണ്ടോത്ത് ഇല്ലത്ത് ഇമ്പിച്ചിക്കോയ തങ്ങളുടെയും, വാഴയിൽ വളപ്പിൽ ഫാത്തിമയുടെയും മകനായി ജനനം. അവിടെയുള്ള എം.ഐ ഹയർ എലിമെന്ററി സ്കൂളിൽ എട്ടാം തരം വരെ പഠിച്ചു. മതപാഠശാലകളിൽ നിന്ന് വിജ്ഞാനങ്ങൾക്കൊപ്പം അറബി ഭാഷയും പഠിച്ചു. അദ്ദേഹത്തിന്റെ ലഭ്യമായ ഗാനങ്ങൾ ചേർത്ത്

കൊണ്ടോട്ടിയിലെ മാപ്പിള കലാ അക്കാദമി പുസ്തകം പുറത്തിറക്കിയിട്ടുണ്ട്. അവസാന കാലത്ത് സാമ്പത്തിക പരാധീനത അലട്ടിയിരുന്ന തങ്ങൾ ആരുടെ മുൻപിലും പരിഭവം പറഞ്ഞ് കയറിച്ചെന്നില്ല. അത്രയ്ക്ക് അഭിമാനിയായിരുന്നു. സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാതെ, പണി പൂർത്തിയാവുന്നതിനു മുൻപ് ആ കാവ്യനക്ഷത്രം 2006 ഡിസംബർ ഒന്നിന് വിടവാങ്ങി.

ഏറ്റവും പുതിയ വാർത്തകൾക്കും വീഡിയോകൾക്കും സബ്സ്ക്രൈബ് ചെയ്യുക



കമന്റ് ബോക്സിലെ അഭിപ്രായങ്ങൾ സുപ്രഭാതത്തിന്റേതല്ല. വായനക്കാരുടേതു മാത്രമാണ്. അശ്ലീലവും അപകീർത്തികരവും ജാതി, മത, സമുദായ സ്പർധവളർത്തുന്നതുമായ അഭിപ്രായങ്ങൾ പോസ്റ്റ് ചെയ്യരുത്. ഇത്തരം അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നത് കേന്ദ്രസർക്കാറിന്റെ ഐടി നയപ്രകാരം ശിക്ഷാർഹമാണ്.